# ഇറക്കുമതി സംസ്കാരത്തിന്റെ പരിണതി

**അൾജീരിയൻ** ചിന്തകനായ മാലിക് ബിന്നബി സമ്പദ്ശാസ്ത്രത്തിൽ സ്വതന്ത്ര രചനകളൊന്നും നടത്തിയിട്ടില്ല. പക്ഷേ, അദ്ദേഹത്തിന്റെ മിക്ക രചനകളിലും ഈ വിഷയം കടന്നുവരുന്നുണ്ട്. മുസ്‌ലിംലോകത്തിന്റെ സാമ്പത്തിക പിന്നാക്കാവസ്ഥയുടെ മൗലിക കാരണങ്ങളാണ് അദ്ദേഹം അന്വേഷിക്കുന്നത്. ഈ ബിന്നബിയിൻ സാമ്പത്തിക ചിന്തകൾ സമാഹരിക്കുകയും പുതിയ പശ്ചാത്തലത്തിൽ വിശകലനം നടത്തുകയുമാണ് ഖാദ ബഹീരി എന്ന അറബ് സാമ്പത്തിക വിദഗ്ധൻ 'ബിന്നബിയൻ ചിന്തയിലെ സാമ്പത്തിക ഇടങ്ങൾ' (*മഹത്വാതുൽ ഇഖ്തിസാദിയ്യ മിൻ ഫിക്‌രി മാലിക് ബിന്നബി*) എന്ന പുസ്തകത്തിൽ.

കൊളോണിയൽ ഭരണത്തിൽനിന്ന് മുക്തമായതിനുശേഷം രണ്ട് വഴികളിലൊന്നാണ് മുസ്‌ലിം രാഷ്ട്രങ്ങൾ തെരഞ്ഞെടുത്തത്. ഒന്നുകിൽ മുതലാളിത്ത ലിബറലിസം അല്ലെങ്കിൽ സോഷ്യലിസം. മൂന്നാമതൊരു വഴി ആരും തെരയാൻ പോയില്ല. ഇത് യാദൃഛികമായല്ല, കൊളോണിയലിസത്തോടുള്ള വിധേയത്വമനോഭാവം കൊണ്ട് സംഭവിച്ചതാണ്. ഈ ബിന്നബിയൻ ആശയത്തിന്റെ വിപുലനമാണ് ഖാദ ബഹീരി നിർവഹിക്കുന്നത്.

സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം മുസ്‌ലിം രാഷ്ട്രങ്ങൾ ഉപഭോഗത്തിലേക്ക് ചുരുങ്ങുകയാണുണ്ടായത്. സ്വന്തമായി ഒന്നും ഉൽപാദിപ്പിക്കാൻ ശ്രമിച്ചില്ല. വയറിനെക്കുറിച്ച് മാത്രം ചിന്തിക്കുന്ന മനുഷ്യനെയാണ് അറബ്‌ലോകത്ത് കൊളോണിയലിസം സൃഷ്ടിച്ചെടുത്തത്. എങ്ങനെയെങ്കിലും തന്റെ ഭൗതികാവശ്യങ്ങൾ നിവർത്തിച്ചു കിട്ടിയാൽ മതി അവന്. 'കീഴടക്കപ്പെട്ടവൻ കീഴടക്കിയവന്റെ പിന്നാലെ പായും' എന്ന ഇബ്നു ഖൽദൂന്റെ നിരീക്ഷണം അറബ്‌ലോകത്ത് സത്യമായി പുലർന്നു. ഉൽപാദനമില്ലാത്ത, ഉപഭോഗം മാത്രമായ ഈ ജീവിതരീതിയാണ് സാമ്പത്തിക പിന്നാക്കാവസ്ഥയുടെ മൂലഹേതു. പാശ്ചാത്യർ ഇറക്കുന്ന കാറുകളുടെയും മൊബൈൽ ഫോണുകളുടെയും ഏറ്റവും പുതിയ മോഡലുകൾ വാങ്ങിക്കൂട്ടി സംതൃപ്തിയടയുകയാണവർ. സമൂഹത്തെ ചലിപ്പിക്കുകയും നിർമാണം സാധ്യമാക്കുകയും ചെയ്യുന്ന ഉൽപാദന സംസ്കാരമാണ് ഉണ്ടാവേണ്ടത്. ഇപ്പോൾ ഉൽപന്നങ്ങൾ വാങ്ങിക്കൂട്ടി ഒരു സംസ്കാരം ഉണ്ടാക്കുന്ന രീതിയാണുള്ളത്.

എല്ലാം ഇറക്കുമതി ചെയ്യുന്ന ഒരു സമൂഹത്തിന് ഒരിക്കലും പുരോഗതി പ്രാപിക്കാനാവില്ല. രാഷ്ട്രീയ ഭൂപടത്തിൽ നിന്നുതന്നെ അവർ തുടച്ചുനീക്കപ്പെടുകയും ചെയ്യും. ചരിത്രത്തിൽ ഇങ്ങനെ സംഭവിച്ചിട്ടുണ്ട്. സാമ്പത്തികശേഷിയും മനുഷ്യവിഭവവും അസംസ്കൃത വസ്തുക്കളും വേണ്ടത്ര ഉണ്ടായിട്ടും ഇറക്കുമതിയെ മാത്രം ആശ്രയിക്കുന്ന ഈ രാഷ്ട്രങ്ങളുടെ ഗതിയും ഇതുതന്നെയാവും. ചൈന, ജപ്പാൻ, ഇന്ത്യ, പാകിസ്താൻ എന്നീ രാജ്യങ്ങൾ ഉൽപാദനസംസ്കാരത്തിലേക്ക് മാറാൻ ശ്രമിച്ചപ്പോഴാണ് അവക്ക് നേട്ടങ്ങളുണ്ടാക്കാനായത്. 187 പേജുള്ള പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത് അൾജീരിയയിലെ 'ദാറുൽ ഗർബ് ലിന്നശ്‌രി വത്തൗസീഅ്' എന്ന പ്രസാധനാലയമാണ്. ■

**മരണം**

## മുഹമ്മദ് സയ്യിദ് നൂഹ്

**ഗ്രന്ഥകാരനും** പണ്ഡിതനും ഇസ്‌ലാമിക പ്രബോധകനുമായിരുന്ന മുഹമ്മദ് സയ്യിദ് നൂഹ് അന്തരിച്ചു (2007 ജൂലൈ 30). അദ്ദേഹത്തിന്റെ 'വഴിയിലെ അപകടങ്ങൾ' (*ആഫാതുൻ അലത്ത്വരീഖ്*) ഇസ്‌ലാമിക പ്രബോധനത്തിന്റെ രീതിശാസ്ത്രത്തെക്കുറിച്ചും പ്രതിസന്ധികളെക്കുറിച്ചും എഴുതപ്പെട്ട ശ്രദ്ധേയ കൃതികളിലൊന്നാണ്. പ്രവാചകചര്യയെക്കുറിച്ചാണ് അദ്ദേഹത്തിന്റെ കൃതികളധികവും.

1945-ലാണ് സയ്യിദ് നൂഹിന്റെ ജനനം. 1971-ൽ ഈജിപ്തിലെ അൽ അസ്ഹർ യൂനിവേഴ്സിറ്റിയിൽനിന്ന് ബിരുദം. 'സൈനബുമായുള്ള നബി(സ)യുടെ വിവാഹവും ശത്രുക്കളുടെ കുപ്രചാരണങ്ങളും' എന്ന വിഷയത്തിലായിരുന്നു ബിരുദാനന്തര ബിരുദം. ഹാഫിള് അബുൽ ഹജ്ജാജ് യൂസുഫിന്റെ സംഭാവനകളെക്കുറിച്ച് നടത്തിയ പഠനത്തിന് 1976-ൽ അൽ അസ്ഹറിൽനിന്ന് ഡോക്ടറേറ്റ്. *അൽ മുജ്തമഅ്* വാരികയിൽ പതിവായി എഴുതാറുണ്ടായിരുന്നു. കുവൈത്തിലെയും ഖത്തറിലെയും ശരീഅത്ത് കോളേജുകളിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ■

# ‘ദക്കൻ കി സിയാസി താരീഖ്’
# മൗദൂദി സാഹിബിന്റെ അപൂർവ ചരിത്രഗ്രന്ഥം

**മത** രാഷ്ട്രീയ രംഗത്ത് മാത്രമല്ല ഉർദു ഗദ്യസാഹിത്യത്തിനും വിലപ്പെട്ട സംഭാവനകളാണ് സയ്യിദ് അബുൽഅഅ്‌ലാ മൗദൂദി സമർപ്പിച്ചിട്ടുള്ളത്. നൂറിലേറെ ഗ്രന്ഥങ്ങൾ രചിച്ച അദ്ദേഹം ചരിത്രഗവേഷണത്തിലും ഏറെ മുന്നിലായിരുന്നു. അദ്ദേഹത്തിന്റെ ഒട്ടേറെ കൃതികൾ 'ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്' മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. ഇനിയും മൗദൂദിയുടെ കനപ്പെട്ട സൃഷ്ടികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെടേണ്ടതുണ്ട്. അക്കൂട്ടത്തിൽപെട്ട പ്രശസ്തമായ ഒരു ചരിത്രഗ്രന്ഥമാണ് 'ദക്കൻ കി സിയാസി താരീഖ്' (ഡക്കാൻ രാഷ്ട്രീയ ചരിത്രം). ഉർദുവിൽ രചിച്ച ഈ കൃതി 1944 മാർച്ചിൽ ഹൈദറാബാദിലെ 'മജ്‌ലിസെ ഇത്തിഹാദുൽ മുസ്‌ലിമീനാ'ണ് പ്രസിദ്ധീകരിച്ചത്.

വിപണിയിൽ പിന്നീട് ലഭ്യമല്ലാതായ ഈ അപൂർവ കൃതി 63 വർഷത്തിനു ശേഷം ദൽഹിയിലെ ഫരീദ് ബുക്ക് ഡിപ്പോയാണ് 2007 ജനുവരിയിൽ പുനഃപ്രസിദ്ധീകരിച്ചത്.

എട്ട് അധ്യായങ്ങളാണ് 'ദക്കൻ കി സിയാസി താരീഖി'ലുള്ളത്. ഒന്നാമധ്യായം തുടങ്ങുന്നതിനു മുമ്പ് തന്നെ ഹൈദറാബാദ് നിസാമുൽ മുൽകിനെയും അദ്ദേഹത്തിന്റെ കുടുംബപശ്ചാത്തലവും പരിചയപ്പെടുത്തുന്നു. ദക്ഷിണേന്ത്യയുടെ ചരിത്രമറിയാൻ സഹായകമായ ഈ കൃതിയുടെ മറ്റൊരു പ്രത്യേകത സംഭവങ്ങൾക്കൊപ്പം ഹിജ്റ വർഷവും ക്രിസ്തുവർഷവും ഒരുമിച്ച് നൽകിയിട്ടുണ്ട് എന്നതാണ്.

'ദക്കൻ കി സിയാസി താരീഖി' ന്റെ ഒന്നാം എഡിഷനിൽ സയ്യിദ് അലി ശബ്ബർ ഹാത്മി എഴുതിയ മുഖവുര രണ്ടാം പതിപ്പിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ശബ്ബർ ഹാത്മി 1943-ൽ ഉർദുവിന്റെ പിതാവെന്നറിയപ്പെടുന്ന മൗലവി അബ്ദുൽ ഹഖിനൊപ്പം കേരളം സന്ദർശിച്ചിരുന്നു. ആ വർഷം നവംബർ 7-ന് കോഴിക്കോട്ട് സംഘടിപ്പിച്ച മലബാർ ഉർദു കോൺഫറൻസിൽ ശബ്ബർ ഹാത്മി പങ്കെടുക്കുകയും ചെയ്തു. മലയാളിയായ ഉർദു കവി എസ്.എം സർവർ അന്ന് ചൊല്ലിയ സ്വാഗതഗീതത്തിൽ ശബ്ബറിന്റെ പേര് പരാമർശിക്കുകയുണ്ടായി.

'ദക്കാൻ രാഷ്ട്രീയ ചരിത്ര'ത്തിന്റെ പുതിയ എഡിഷൻ പരിചയപ്പെടുത്തി മുഖവുര എഴുതിയിട്ടുള്ളത് *ഉർദു ബുക്ക് റിവ്യൂ* പത്രാധിപർ മുഹമ്മദ് ആരിഫ് ഇഖ്ബാലാണ്. ദക്ഷിണേന്ത്യയുടെ ചരിത്രത്തെക്കുറിച്ച് ഇതുപോലൊരു കൃതി ഇതിനു മുമ്പ് പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. 228 പേജുള്ള പുസ്തകത്തിന് 70 രൂപയാണ് വില. ■

**കെ.പി. ശംസുദ്ദീൻ, തിരൂർക്കാട്**

# ‘ഖുർആൻ ജീവിതത്തെ അടിമുടി മാറ്റിയ വിപ്ലവഗ്രന്ഥം’

"**ഖുർആൻ** ഒരു വിപ്ലവഗ്രന്ഥമാണ്. അത് സൃഷ്ടിച്ചതുപോലുള്ള സമൂല പരിവർത്തനം ലോകത്ത് മറ്റൊരിടത്തും കാണാനാവില്ല. ലോകത്തെ ചില വിപ്ലവങ്ങൾ കാരണം സാമ്പത്തിക നില മെച്ചപ്പെടുകയും പുരോഗതി ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ചിലേടത്ത് സാമൂഹിക മാറ്റങ്ങൾക്ക് വഴിയൊരുക്കി വിപ്ലവങ്ങൾ. എന്നാൽ ജീവിതത്തെ അടിമുടി മാറ്റിയ വിപ്ലവം നയിച്ചത് ഖുർആൻ മാത്രമാണ്. അത് ആ ഗ്രന്ഥത്തിന്റെ അമാനുഷികതയുടെ തെളിവു കൂടിയാണ്. വിശ്വാസത്തിലും ചിന്തയിലും മാത്രമല്ല സാമ്പത്തികവും സാമാജികവും നാഗരികവുമായ ജീവിതത്തിന്റെ മുഴുമേഖലകളിലേക്കും ആ വിപ്ലവം കടന്നുചെന്നു"- ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ മൗലാനാ സയ്യിദ് ജലാലുദ്ദീൻ അൻസ്വർ ഉമരി പറഞ്ഞു. ജൂലൈ ഏഴ്, എട്ട് തീയതികളിൽ ജംഇയ്യത്ത് അഹ്‌ലെ ഹദീസ്, ദൽഹിയിലെ അബുൽ ഫസൽ എൻക്ലൈവിലുള്ള അതിന്റെ കേന്ദ്ര ആസ്ഥാനത്ത് നടത്തിയ അഖിലേന്ത്യാ ഖുർആൻ മനഃപാഠ/പാരായണ മത്സരത്തിന്റെ സമാപനചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു ജമാഅത്ത് അമീർ. ■